2008
ആഗസ്റ്റ് 19
ചൊവ്വ

The First International Indian Newspaper
ഗൾഫ് മാധ്യമം

GULF MADHYAMAM GMYM 171 TUESDAY AUGUST 19 , 2008 SHA'ABAN 18, 1429. PAGE 16, ISSUE 3426



*എൽ.എം.ആർ.എ ബഹ്റൈൻ ചേമ്പർ ഓഫ് കോമേഴ്സ് ആൻറ് ഇൻഡസ്ട്രിയിലെ ടൂറിസം വിഭാഗവുമായി നടത്തിയ ചർച്ചയിൽ ചീഫ് എക്സിക്യൂട്ടീവ് അലി റാദി സംസാരിക്കുന്നു*

# എൽ.എം.ആർ.എ ടൂറിസം മേഖലയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു

മനാമ: ലേബർ മാർക്കറ്റിംഗ് റഗുലേറ്ററി അതോറിറ്റി (എൽ.എം.ആർ.എ) ടൂറിസം മേഖലയിലെ പ്രവർത്തനങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഇതിൻെറ ഭാഗമായി കഴിഞ്ഞ ദിവസം ബഹ്റൈൻ ചേമ്പർ ഓഫ് കോമേഴ്സ് ആൻറ് ഇൻഡസ്ട്രി (ബി.സി.സി.ഐ)യിലെ ടൂറിസം വിഭാഗവുമായി ചർച്ച നടത്തി.

ബി.സി.സി.ഐ ബോർഡ് അംഗവും ടൂറിസം കമ്മിറ്റി ചെയർമാനുമായ നബീൽ കാനൂ ആണ് ബി.സി.സി.ഐ സംഘത്തെ നയിച്ചത്. എൽ.എം.ആർ.എയുടെ ഫീസ്, പ്രവർത്തന രീതി തുടങ്ങിയവ സംബന്ധിച്ച ആശയക്കുഴപ്പങ്ങൾ പരിഹരിക്കുന്നതിനും ടൂറിസം മേഖയിൽനിന്നുള്ള സഹകരണം ഉറപ്പുവരുത്തുന്നതിനുമാണ് യോഗം സംഘടിപ്പിച്ചത്.

ബി.സി.സി.ഐയിലെ ടൂറിസം വിഭാഗത്തിൽ ഏതാണ്ട് 70ഓളം സജീവ അംഗങ്ങളാണുള്ളത്. ഇവരിൽ പലർക്കും എൽ.എം. ആർ.എയുടെ നടപടിക്രമങ്ങൾ സംബന്ധിച്ച് ആശയക്കുഴപ്പമുണ്ടായ സാഹചര്യത്തിലായിരുന്നു ചർച്ച. എൽ.എം.ആർ.എയുടെ പ്രവർത്തനം ടൂറിസം മേഖലയെ പ്രതികൂലമായി ബാധിക്കില്ലെന്ന് നബീൽ കാനൂ പ്രതീക്ഷ പ്രകടിപ്പിച്ചു. മേഖലക്കാവശ്യമായ എല്ലാ സഹായങ്ങളും നൽകാൻ സന്നദ്ധമാണെന്ന് ചർച്ചയിൽ എൽ.എം.ആർ.എ ചീഫ് എക്സിക്യൂട്ടീവ് അലി റാദി വ്യക്തമാക്കി.

എൽ.എം.ആർ.എയുടെ പ്രവർത്തനത്തെയും ഫീസ് നിരക്കിനെയും മറ്റും സംബന്ധിച്ച് അദ്ദേഹം വിശദീകരിച്ചു.